പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3927 — 21.6.2018 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര മേഖലയുടെ വികസനം

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.കെ. ആൻസലൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ. ബാബു : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സാധ്യത കണക്കിലെടുത്ത് ഈ മേഖലയിലെ പരിശീലന പരിപാടികൾ വിപുലീകരിക്കാനും പരിശീലനത്തിന്റെ കരിക്കുലം നിശ്ചയിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; ടൂറിസം വ്യവസായ രംഗത്ത് അനധികൃതമായി ഗൈഡുകളായും സഹായികളായും പ്രവർത്തിക്കുന്നവരെ നിയന്ത്രിക്കാൻ നടപടിയെടുക്കുമോ; | എ) | വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് (കിറ്റ്സ്), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ.), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം) എന്നീ സ്ഥാപനങ്ങളുടെ പ്രധാന പ്രവർത്തന മേഖലകൾ കേന്ദ്രീകരിച്ച് പരിശീലനവും പ്ലെയ്സ്മെന്റും ഉറപ്പാക്കുന്ന പ്രത്യേക പാക്കേജ് നടപ്പാക്കാൻ ഉദ്ദേശമുണ്ട്. മാനവശേഷി വികസന രംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കിറ്റ്സിനെ മികവിന്റെ കേന്ദ്രമായി ഉയർത്തും.<br>കേന്ദ്ര സർക്കാരും കേരള സർക്കാരും അംഗീകാരം നൽകിയ ഗൈഡുകൾക്ക് മാത്രമാണ് ടൂറിസം മേഖലയിൽ പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുള്ളത്. അംഗീകൃത ഗൈഡുകളെ സംബന്ധിച്ച വിശദാംശം വിനോദസഞ്ചാര വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടൂറിസം മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിനായി ഈ മേഖലയിലുള്ള എല്ലാ വിഭാഗങ്ങളേയും നിരീക്ഷിക്കാനുള്ള പരമോന്നത സംവിധാനമായി കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി നടപ്പാക്കുന്നതിന് പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്. ആഭ്യന്തര വകുപ്പുമായി ചേർന്ന് ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനം ലഭിച്ച പോലീസിന്റെ സേവനം ലഭ്യമാക്കും. |
| ബി) | ടൂറിസം വികസന രംഗത്ത് കെ.റ്റി.ഡി.സി.യുടെ പ്രവർത്തനം വിശദമാക്കാമോ; പ്രവർത്തനം | ബി) | തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയ പല ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെയും വികസനത്തിന് കെ.ടി.ഡി.സി. യുടെ സാന്നിദ്ധ്യം |

| | | | |
|---|---|---|---|
| | കൂടുതൽ കാര്യക്ഷമമാക്കാനും വിപുലീകരിക്കാനും പദ്ധതിയുണ്ടോ; | | സഹായകരമായിട്ടുണ്ട്. കേരളത്തിൽ നൂതനമായ പല ടൂർ പാക്കേജുകളും കെ.ടി.ഡി.സി. തുടങ്ങി വച്ചിട്ടുണ്ട്. കെ.ടി.ഡി.സി. യുടെ പ്രീമിയവും, ബഡ്ജറ്റ് ഹോട്ടലുകളും ടൂറിസം ഡെസ്റ്റിനേഷനുകളിലെ ടൂറിസം മാർക്കറ്റിംഗിന് ഉത്തേജകം നൽകുന്നുണ്ട്. കെ.ടി.ഡി.സി. യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും വിപുലീകരിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി പ്രൊഫഷണൽ ബോർഡും മാനേജ്മെന്റും ഏർപ്പെടുത്താൻ ടൂറിസം നയം വിഭാവനം ചെയ്യുന്നു. |
| സി) | വിനോദസഞ്ചാര ഉല്പന്നങ്ങൾ വിപണനത്തിനായി നടത്താൻ ഉദ്ദേശിക്കുന്ന ട്രാവൽമാർട്ട് 2018 ന്റെ വിവരങ്ങൾ നൽകാമോ; | സി) | കേരള ട്രാവൽ മാർട്ട് 2018 സെപ്റ്റംബർ 27-30 വരെ കൊച്ചിയിൽ നടക്കുമെന്ന് കേരള ട്രാവൽ മാർട്ട് സൊസൈറ്റി അറിയിച്ചിട്ടുണ്ട്. 250 ഇന്റർനാഷണൽ ബയേഴ്സിനെ ഉൾപ്പെടുത്തി വിപുലമായ രീതിയിൽ മാർട്ട് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതായി സൊസൈറ്റി അറിയിച്ചിട്ടുണ്ട്. കേരള ട്രാവൽ മാർട്ട് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് ബിസിനസ് മീറ്റായി വികസിപ്പിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| ഡി) | അന്താരാഷ്ട്ര ടൂറിസം മേഖലകളിൽ സംസ്ഥാനത്തിന്റെ ഉല്പന്നങ്ങൾ വേണ്ടത്ര മാർക്കറ്റ് ചെയ്യാനായിട്ടുണ്ടോ; മാർക്കറ്റിംഗ് വിപുലീകരിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ഡി) | അന്താരാഷ്ട്ര ടൂറിസം മേഖലകളിൽ സംസ്ഥാനത്തിന്റെ ഉൽപ്പന്നങ്ങൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ആഗോളതലത്തിൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി രാജ്യാന്തര പ്രസക്തിയുള്ള വ്യക്തിയെ കേരള ടൂറിസത്തിന്റെ ബ്രാന്റ് അംബാസഡറാക്കി രാജ്യത്തിനകത്തും പുറത്തും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, ടിറ്റർ, യൂട്യൂബ്, ഇൻസ്റ്റഗ്രാം എന്നിവയിലൂടെയുള്ള പ്രചാരണം ശക്തമാക്കിയിട്ടുണ്ട്. കൂടാതെ കേരള ടൂറിസം വെബ്സൈറ്റും കേരള ടൂറിസം മൊബൈൽ ആപ്പും അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തി ടൂറിസം രംഗത്ത് സജീവ സാന്നിദ്ധ്യം ഉറപ്പാക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ട്രേഡ് മീറ്റുകൾ സംഘടിപ്പിച്ചു വരുകയും ചെയ്യുന്നു. കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. കൊച്ചി മുസിരിസ് ബിനാലെ, കേരള ട്രാവൽ മാർട്ട് തുടങ്ങിയ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നു. വിദേശ |

| | | | |
|---|---|---|---|
| | | | രാജ്യങ്ങളിലെ ടെലിവിഷൻ ചാനലുകളിലും അച്ചടി മാധ്യമങ്ങളിലും ട്രാമുകളിലും വകുപ്പ് പരസ്യ പ്രചരണം സംഘടിപ്പിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**